DESPATCHED On..30/4/21...

27/4/21

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 447(1)/2020/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.3995/SIC-Gen4/2020**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. സനിൽകുമാർ എസ്.കെ.,
എഞ്ചിനീയറിംഗ് ബ്രാഞ്ച്,
ഡിവിഷണൽ ഓഫീസ്, സതേൺ റെയിൽവേ,
തൈക്കാട് പി.ഒ., തിരുവനന്തപുരം-14. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അസിസ്റ്റന്റ് എഞ്ചിനീയർ,
   എഞ്ചിനീയറിംഗ് വിംഗ്,
   മുനിസിപ്പൽ കോർപ്പറേഷൻ,
   തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   മുനിസിപ്പൽ കോർപ്പറേഷൻ,
   തിരുവനന്തപുരം.

— എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ കമ്മീഷൻ 10.8.2020-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 2012-13 കാലഘട്ടത്തിൽ പാളയം വാർഡ് കൈകാര്യം ചെയ്തിരുന്നത് ഇ10 സെക്ഷനിലാണെന്നും, പ്രസ്തുത കാലഘട്ടത്തിലെ ഇ10 സെക്ഷൻ ക്ലാർക്ക് ശ്രീ. സുധീർകുമാർ കെ. ആയിരുന്നെന്നും ഫയൽ നഷ്ടപ്പെടുത്തിയതിന് കാരണക്കാരനായ ടിയാന് നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുമാണ്. എന്നാൽ അപ്പീൽ ഹർജിക്കാരന് ആവശ്യപ്പെട്ട രേഖകൾ ലഭിക്കാത്തതിനാൽ ഉണ്ടാവുന്ന കഷ്ടനഷ്ടങ്ങൾക്ക് എന്തുകൊണ്ട് അർഹമായ നഷ്ടപരിഹാരം നൽകേണ്ടതില്ല എന്നത് സംബന്ധിച്ച് യാതൊരു പരാമർശവും

സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ കമ്പ്യൂട്ടർ സിസ്റ്റത്തിൽ ലഭ്യമായവയാണെങ്കിൽ ആയത് അടിയന്തിരമായി കണ്ടെത്തി നൽകുന്നതിനും, റിക്കാർഡ്സ് റൂം നേരിട്ട് പരിശോധിച്ച് നഷ്ടപ്പെട്ട ഫയൽ കണ്ടെത്തുന്നതിനും നിലവിലെ ഇ10 സെക്ഷൻ കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലാർക്ക് ഉൾപ്പെടെയുള്ളവരുടെ സഹായം അപ്പീൽ ഹർജിക്കാരന് നൽകുന്നതിന് സെക്രട്ടറി പ്രത്യേക നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള അന്തിമ ഉത്തരവ് ഇന്നേ ദിവസം 2021 ഏപ്രിൽ മാസം 27-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

bnk/